**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911** **15-03-2022 - ൽ മറുപടിയ്ക്ക്**

**റെയിൽ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.വി.അൻവർ** | | **null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിർദ്ദിഷ്ട നിലമ്പൂർ-നഞ്ചൻകോട്, തലശ്ശേരി-മൈസൂർ പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തലശ്ശേരി - മൈസൂർ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ, കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവർത്തികളും മറ്റ് പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞു. കർണാടക ഭാഗത്തുള്ള അലൈൻമെന്റ് കർണാടക സംസ്ഥാന സർക്കാർ അംഗീകരിക്കാതിരിക്കുകയും അതിനാൽ കേരള സർക്കാരും കർണാടക സർക്കാരും വിവിധ ചർച്ചകൾ നടത്തുകയും തുടർന്ന് കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും ചെയ്തു. നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത അലൈൻമെൻറിന്റെ അംഗീകാരത്തിനായി ചീഫ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കത്തിടപാടുകൾ നടത്തിവരികയാണ്. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഫ്രാസ്ട്രക്ചർ)യുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | കേരള സർക്കാർ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ നഞ്ചൻകോട് പദ്ധതി തലശ്ശേരി - മൈസൂർ ലൈനിലെ കൽപ്പറ്റയിൽ നിന്നും കോമൺ ഗേറ്റ് വേ വഴി കർണാടകത്തിലേക്കുള്ള നിലവിലെ കടക്കോല മൈസൂർ പാതയിൽ എത്തിച്ചേരുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി വളരെ പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഫ്രാസ്ട്രക്ചർ) യുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേരള സർക്കാർ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. |
| (ബി) | ഈ പദ്ധതിക്ക് കർണ്ണാടക സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടില്ല. കർണാടക ഭാഗത്തുള്ള അലൈൻമെന്റ് നു അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് പ്രസ്തുത ഭാഗത്തുകൂടിയുള്ള അലൈൻമെന്റിനു കർണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണാടക വഴിയുള്ള അലൈൻമെന്റ് കൽപ്പറ്റയിൽ നിന്നും നിലവിലുള്ള നഞ്ചൻകോട് - മൈസൂർ ലൈനിലെ കടക്കോലയിൽ എത്തിച്ചേരുന്ന രീതിയിലാണ് പാത വിഭാവനം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു. ചീഫ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കത്തിടപാടുകൾ നടത്തിവരികയാണ്. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക എ.സി.എസ് (ഇൻഫ്രാസ്ട്രക്ചർ) മായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണാടക |

| | | | |
|---|---|---|---|
| | | | ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേരള സർക്കാർ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. |
| (സി) | നിലവിലുള്ള റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിനും മറ്റ് അടിസ്ഥാനസൗകര്യ വികസനത്തിനുമായി എന്തൊക്കെ പ്രവൃത്തികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും, കേരള സർക്കാർ റെയിൽവേ മന്ത്രാലയവുമായി സംയുകത സംരംഭ കമ്പനി കരാർ (ജെ.വി.സി) 01.09.2016 ന് നടപ്പാക്കുകയും 03.01.2017 ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെയുള്ള റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോട് 2. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ 3. നിലംബൂർ- നൻജഗുഡ് റയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി 5. ആർ.ഒ.ബി/ ആർ.യു.ബി കളുടെ നിർമ്മാണം |

സെക്ഷൻ ഓഫീസർ